www.gospelinmalayalam.com

# 2 TIMOTHY

## Introduction

അപ്പസ്തലനായ വി. പൗലൂസ് തിമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനം ആണിത്.

ഇതെഴുതുന്ന സമയം പൗലൂസ് കാരാഗൃഹത്തിൽ വിധിയും കാത്തു കിടക്കുന്ന സമയം.

പൗലൂസ് എഴുതിയ അവസാന ലേഖനം ആണിത്. ഇത് എഴുതിയ വർഷം എ.ഡി. 67 എന്നു കരുതപ്പെടുന്നു.

ഈ കത്തിന്റെ പ്രധാന ഉദ്ദേശ്യം: എഫെസൂസിലെ ദൈവസഭയുടെ ശുശ്രൂഷയ്ക്കു വേണ്ടി യുവാവായ തിമോത്തിയോസിനെ ധൈര്യപ്പെടുത്തുക. വിശ്വാസത്തിൽ ക്ഷീണിക്കാതെ തടസ്സങ്ങളെയും എതിർപ്പുകളെയും ദൈവകൃപയിൽ ആശ്രയിച്ചു നേരിടുക എന്നു പ്രബോധിപ്പിക്കുവാൻ.

നോക്കുക: തടവറയിൽ മരണവും മുമ്പിൽ കണ്ടുകൊണ്ടു കിടക്കുന്ന വൃദ്ധനായ ദൈവദാസൻ അനേകായിരങ്ങളെ ആശ്വസിപ്പിക്കുവാനും ധൈര്യപ്പെടുത്തുവാനും കത്തു എഴുതുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി എത്രയോ അത്ഭുതകരം!

വി.പൗലൂസ് തിമോത്തിയോസിനെ ഓർപ്പിക്കുന്നു, തനിക്കുള്ള സ്നേഹവും നിരന്തരമായ പ്രാർത്ഥനയും. അതേസമയം തിമോത്തിയോസിനു ലഭിച്ച ആത്മീയ അനുഗ്രഹങ്ങളും അതിലൂടെ ദൈവം തമ്പുരാൻ കൊടുത്ത ഉത്തരവാദിത്വങ്ങളും ഓർപ്പിക്കുകയും ചെയ്യുന്നു.

നിലനിൽക്കുക. അന്ത്യംവരെയും പതറാതെ പൊരുതുക. ക്രിസ്തുവിന്റെ ഭടനായി ഓട്ടക്കളത്തിൽ ഓടുന്ന ഓട്ടക്കാരൻ ആയി, ശുശ്രൂഷകനായി, തന്റെ കിരീടത്തിനായി വേല നിറവേറ്റുക.

**<u>പൗലൂസിന്റെ ഈ സമയത്തെ സ്ഥിതി</u>**

എ.ഡി 54 മുതൽ എ.ഡി 68 വരെ നീറോ ചക്രവർത്തിയുടെ ക്രൂരമായ പീഢനം ക്രിസ്തീയ വിശ്വാസികൾക്കു എതിരായി നടന്നുകൊണ്ടിരിക്കുന്നു.

നീറോ ചക്രവർത്തി മാനസിക വിഭ്രാന്തിയുള്ള മനുഷ്യനായിരുന്നു. എന്താണ് ചെയ്യാൻ പോകുന്നത് എന്ന് കൂടെയുള്ളവർവർക്കുപോലും ഊഹിക്കാൻ കഴിയില്ലായിരുന്നു.

എ.ഡി 64 ൽ ജൂലൈ മാസത്തിൽ ഏതാണ്ട് റോമിന്റെ പകുതിയും തീകൊണ്ട് നശിച്ചു. ഈ തീ പിടുത്തത്തിന്റെ കാരണം നീറോ ക്രിസ്ത്യാനികളുടെ മേൽ കെട്ടിവെച്ചു.

ക്രിസ്തീയ വിശ്വാസത്തെ റോമാസാമ്രാജ്യത്തിൽ നിരോധിച്ചു. വിശ്വാസികൾക്കെതിരായ പീഠനം സാമ്രാജ്യത്തിലുടനീളം വർദ്ധിച്ചു.

ഈ സമയത്ത് സ്പെയിനിൽ സുവിശേഷഘോഷണം കഴിഞ്ഞു മടങ്ങിയെത്തിയ പൗലൂസിനെ വീണ്ടും തടവിലാക്കി.

ഈ അവസരത്തിൽ പൗലൂസിനെ സഹായിപ്പാൻ ആരും കടന്നുവന്നില്ല.

2 Tim 1:15, 2 Tim 4:16, 2 Tim 4:10,11

(പൗലൂസിന്റെ ഒന്നാം തടവിൽ വാടകയ്ക്കു വീടെടുത്തു പാർപ്പാൻ അനുവാദം ലഭിച്ചിരുന്നു. Acts 28:16, Acts 28: 29-30)

Acts 28: 29-30 *അവൻ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ പാർത്തു, തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു.*

fleettech@gmail.com

www.gospelinmalayalam.com

## CHAPTER :1

1.1 വിശുദ്ധ പൗലൂസ് യേശുക്രിസ്തുവിന്റെ അപ്പസ്തലൻ. എന്താണ് മുമ്പിലുള്ള പ്രത്യാശ? ക്രിസ്തുയേശുവിലുള്ള ജീവന്റെ വാഗ്ദത്തം.

ഇതു ഓരോ ദൈവപൈതലിനും ഉള്ള വാഗ്ദത്തം. നാം ഇതു കണ്ടെത്തണം.

തിമോത്തിയോസിനെ പൗലൂസ് കാണുന്നത് മകനായിട്ട്. ക്രിസ്തുവിൽ തനിക്കുള്ള പ്രിയ മകൻ.

വൃദ്ധനായ പൗലൂസ് തിമോത്തിയെ മകനെപ്പോലെ സ്നേഹിക്കുന്നു. കരുതുന്നു. ധൈര്യപ്പെടുത്തുന്നു. ഉത്സാഹിപ്പിക്കുന്നു.

1:2 കൊച്ചുതിമോത്തിയ്ക്കു എന്താണ് വിശ്വാസത്തിൽ നിലനിൽക്കാൻ ആവശ്യമായിരിക്കുന്നത്.

പിതാവായ ദൈവത്തിൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും കൃപ (Grace), കനിവ് (Kindness), സമാധാനം (Peace). നമ്മിൽ ഓരോരുത്തർക്കും വേണ്ടതും ഈ കൃപയും കനിവും സമാധാനവും തന്നെ.

ലോകത്തിനു തരാൻ കഴിയാത്തവ തരുവാൻ സർവ്വശക്തനു മാത്രമേ കഴിയൂ.

1:3- 4 വിശുദ്ധ പൗലൂസ് എഴുതുന്നു. പൂർവ്വന്മാരുടെ ദൃഷ്ടാന്തം അനുസരിച്ച് നിർമ്മല മനസ്സോടെ ആരാധിക്കുന്ന ദൈവത്തിന് സ്തോത്രം എന്ന്.

അപ്പസ്തലനായ പൗലൂസിനെ സംബന്ധിച്ചിടത്തോളം തന്റെ ക്രിസ്തുയേശുവിലുള്ള വിശ്വാസം യഹൂദാ വിശ്വാസത്തിന്റെ തുടർച്ച തന്നെ ആയിരുന്നു.

പഴയനിയമം നിഴൽ എങ്കിൽ അതിന്റെ പൊരുൾ കർത്താവായ യേശുവിൽ നിറവേറി.

വിശുദ്ധ പൗലൂസ് തടവിലത്രെ. സ്വതന്ത്രനല്ല, ഒരുപക്ഷേ സന്ദർശകരെ കാണാൻ അപൂർവ്വമായി അവസരം ലഭിച്ചോ എന്നറിയില്ല.

പൗലൂസിന്റെ ബന്ധനം തിമോത്തിയെ കണ്ണീരിലാഴ്ത്തി എന്നു കരുതാം.

മാത്രമല്ല, തിമോത്തിയുടെ നിഷ്കളങ്ക മനസ്സും കണ്ണുനീർ തൂകിയുള്ള പ്രാർത്ഥനയും പൗലൂസ് ധാരാളം കണ്ടിട്ടുണ്ട് എന്ന് അനുമാനിക്കാം.

മകനെപ്പോലെ കരുതുന്ന തിമോത്തിയെ കാണുവാൻ പൗലൂസ് വാഞ്ചിക്കുന്നു.

ഈ വാക്കുകൾ നമ്മെ ഓർപ്പിക്കുന്നതെന്ത്?

ഇത്ര ശ്രേഷ്ഠനായ അപ്പോസ്തോലൻ തന്റെ തടവറയിലെ ഏകാന്തതയിൽ തന്നെ സ്നേഹിക്കുന്ന ശിഷ്യരെ കാണാൻ എത്ര ഹൃദയംഗമായി വാഞ്ചിക്കുന്നു എന്ന്.

പൗലൂസിന് പ്രാർത്ഥിപ്പാൻ മാത്രമേ കഴിയൂ. വേറെ ഒന്നുംതന്നെ ചെയ്യുവാൻ കഴിയില്ല.

തികച്ചും നിസ്സഹായമായ അവസ്ഥ ഈ വാക്കുകൾ സൂചിപ്പിക്കുന്നു.

1:5 തിമോത്തിയോസിന്റെ നിർവ്യാജ വിശ്വാസത്തെയോർത്ത് പൗലൂസ് ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു. തിമോത്തിയുടെ നിർവ്യാജ വിശ്വാസത്തെ പ്രശംസിക്കുന്നു.

തിമോത്തിയോസ് പൗലൂസ് തടവിലായപ്പോഴും പൗലൂസിനോടു ചേർന്നുനിന്നു.

തിമോത്തിയോസിന്റെ അമ്മ യൂനീക്കയിലും വലിയമ്മ ലോവീസിലും പൗലൂസ് കണ്ട നിർവാജ്യ വിശ്വാസത്തെ പൗലൂസ് പുകഴ്ത്തുന്നു.

ഇത് നമുക്കുള്ള പ്രബോധനമല്ലേ.

ഭക്തിയും വിശ്വാസവും ഒക്കെ യാതൊരു മടിയും കൂടാതെ വിട്ടെറിയുന്ന ഇന്നത്തെ യുവതലമുറ, തങ്ങളുടെ പിതാക്കന്മാരിൽ നിന്നും, വല്യപ്പച്ചന്മാരിൽ നിന്നും ലഭിച്ച കറയില്ലാത്ത വിശ്വാസത്തെ തള്ളിക്കളഞ്ഞ് ജീവിക്കുന്നു.

തിമോത്തിയുടെ പിതാവിനെപ്പറ്റി ഇവിടെ ഒന്നും പറയുന്നില്ല. പിതാവ് ഒരുപക്ഷേ ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് ഈ സമയത്ത് വന്നിട്ടുണ്ടാകയില്ല എന്ന് കരുതാം.

fleettech@gmail.com

www.gospelinmalayalam.com

1:6 പൗലോസ് തിമോത്തിയെ പ്രബോധിപ്പിക്കുന്നു. "എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം" ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു.

ആദിമസഭയിൽ സുവിശേഷീകരണത്തിനായി 'ശൗലിനെയും ബർന്നബാസിനെയും' വേർതിരിക്ക എന്നുള്ള പരിശുദ്ധാത്മാവിന്റെ നിയോഗം ഉണ്ടായി. Acts 13: 1-3

Acts 13: 1-3 *അന്ത്യൊക്ക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവമായ ഹെരോദാവോടുകൂടെ വളർന്ന മനായേൻ, ശൌൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ: ഞാൻ ബർന്നബാസിനെയും ശൌലിനെയും വിളിച്ചിരിക്കുന്ന വേലെക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു.*

അപ്പോൾ അന്ത്യോഖ്യായിലെ ദൈവസഭ അവരെ കൈവെച്ച് അവരെ സുവിശേഷ ഘോഷണത്തിനായി പറഞ്ഞയച്ചു.

ഈ രീതിയിൽ തിമോത്തിയോസിനെയും വി. പൗലൂസ് തലയിൽ കൈവെച്ച് കർത്താവിന്റെ വേലയ്ക്കായി നിയോഗിച്ചു എന്നു നമുക്ക് കരുതാം.

തിമോത്തിക്കു ലഭിച്ച ഈ നിയോഗത്തെ തിമോത്തി എങ്ങനെ സ്വന്തമാക്കണം.

കൃപാവരം തരുന്നത് ദൈവം തന്നെ.

എന്നാൽ തിമോത്തി അതിനായി തന്നെത്തന്നെ ഒരുക്കണം.

പൗലൂസ് തന്നിൽ തുടക്കം ഇട്ട ഈ ശുശ്രൂഷയിൽ പൂർണ്ണ കൃപാവരം ഉള്ള വ്യക്തിയായി ശോഭിക്കാൻ ലഭിച്ച കൃപാവരത്തെ ജ്വലിപ്പിക്കണം.

ഓരോ വിശ്വാസിയും ദൈവവുമായുള്ള നിരന്തര കൂട്ടായ്മയിലും, പ്രാർത്ഥനയിലും, ഉപവാസത്തിലും തങ്ങളെത്തന്നെ കൃപയിൽ നിർത്തണം. ആരാധനയിൽ, പ്രാർത്ഥനയിൽ, വചനധ്യാനത്തിൽ ഒരു ആലസ്യവും അനുവദനീയമല്ല.

കൃപാവരത്തിൽ ജ്വലിച്ചു ശുശ്രൂഷ ചെയ്യുവാൻ അത്യധികമായ പരിശ്രമം വേണം.

ഇന്ന് സഭകളിൽ നടക്കുന്ന Apostolic succession Theories നെ സാധൂകരിക്കാൻ ഈ വാക്യം മാത്രം അടിസ്ഥാനമായി സ്വീകരിക്കാമോ എന്നത് ഒരു തർക്കവിഷയമായി പലരും കരുതുന്നു.

1:7 ദൈവം നമ്മിൽ പകർന്നിരിക്കുന്ന ആത്മാവ് ഭീരുത്വത്തിന്റെ ആത്മാവല്ല. ശക്തിയുടെ, സുബോധത്തിന്റെ, സ്നേഹത്തിന്റെ ആത്മാവാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ്.

തിമോത്തിയോസിന് പൗലൂസ് ഈ വചനം കൊടുത്ത സമയം നിരാശയും ഭയവും നിറഞ്ഞുനിന്ന സമയം ആയിരുന്നു.

പൗലൂസ് ബന്ധനത്തിൽ കിടക്കുന്നു.

തിമോത്തിക്കും ശത്രുക്കളിൽ നിന്നുള്ള ഭീക്ഷണി ഉണ്ടായിരുന്നു കാണും.

തിമോത്തി അധൈര്യപ്പെട്ടു, ലജ്ജിതനായി തീർന്ന സമയമാകും.

സഭയ്ക്കെതിരായി റോമാസാമ്രാജ്യം മുഴുവനും കഠിനമായ പീഢ നടക്കുന്ന സമയം. പൗലൂസിനെ സഹായിക്കുന്നതിലും, കൂടെ നിൽക്കുന്നതും അപകടകരമായിരുന്നു.

അതുമാത്രമല്ല, ക്രൂശിൽ നിന്ദിതനായി തറയ്ക്കപ്പെട്ട യേശുവിനെ പ്രസംഗിക്കുന്നത് ലജ്ജാകരമായി കരുതുന്ന ഒരു സമൂഹം മുമ്പിൽ. (1 Cor 1:23)

1 Cor 1:23 *ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദന്മാർക്കു ഇടർച്ചയും.....*

ഈ സ്ഥാനത്ത് ലജ്ജയും ഭീരുത്വവും ഒന്നു ചേർന്ന് തിമോത്തിയെ തളർത്തുന്നതിൽ പൗലൂസ് ധൈര്യപെടുത്തുന്നതാണ് ഈ വചനം.

fleettech@gmail.com

www.gospelinmalayalam.com

ദൈവം നമുക്കു തന്നിരിക്കുന്നത്

1. ശക്തിയുടെ ആത്മാവ് 1 Cor 2:4
2. സ്നേഹത്തിന്റെ ആത്മാവ് 1 Tim 1:5
3. സുബോധത്തിന്റെ ആത്മാവ് 1 Tim 4:7

1 Cor 2:4 *നിങ്ങളുടെ വിശ്വാസത്തിന്നു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നേ ആധാരമായിരിക്കേണ്ടതിന്നു ...*

1 Tim 1:5 *ആജ്ഞയുടെ ഉദ്ദേശമോ: ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി, നിർവ്യാജവിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നേ.*

1 Tim 4:7 *ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ചു ദൈവഭക്തിക്കു തക്കവണ്ണം അഭ്യാസം ചെയ്ക.*

## 1:8 TAKE COURAGEOUS STAND FOR CHRIST

രണ്ടു വിഷയങ്ങൾ ഈ സമയത്ത് പലരെയും പിന്മാറ്റത്തിലേക്കു തള്ളിവിട്ടു.

1. ക്രൂശിൽ തറയ്ക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നത് ലജ്ജാകരം, നിന്ദാവിഷയം.
2. ജയിലറയിൽ കിടക്കുന്ന പൗലോസിനെപ്പറ്റി പറയുന്നതും ലജ്ജാകരം.

എന്നാൽ വിശുദ്ധ പൗലൂസ് തിമോത്തിയിൽ കണ്ട സ്വഭാവവൈശിഷ്ട്യം, അവന്റെ നിർവ്യാജ വിശ്വാസം, സ്നേഹത്തിന്റെ ഊഷ്മളത, വ്യക്തിജീവിതത്തിലുള്ള ശിക്ഷണം, ഈവക തിമോത്തിയെ മറ്റുപലരെക്കാളും യോഗ്യനായി നിർത്തി.

സുവിശേഷത്തെപ്പറ്റി തീമോത്തിക്കു ലജ്ജയില്ല. സുവിശേഷത്തിന്റെ പേരിൽ തടവിൽ കഴിയുന്ന പൗലൂസിനെപ്പറ്റിയും തിമോത്തിക്കു തെല്ലും ശങ്കയില്ല. സംശയമില്ല. ലജ്ജയില്ല.

പൗലൂസ് സ്വയംവിശേഷിപ്പിക്കുന്ന വാക്കു ശ്രദ്ധിക്കുക. "അവന്റെ ബദ്ധനായ ഞാൻ" റോമൻ ഭരണാധികാരിയാണ് തടവിലാക്കിയത്.

എന്നാൽ പൗലൂസ് പറയുന്നു, ഞാൻ യേശുക്രിസ്തുവിന്റെ ബദ്ധൻ. (Prisoner of Christ)

ഈ ചിന്ത പല ലേഖനങ്ങളിലും പൗലൂസ് പങ്കുവെച്ചു.

Eph 3:1, Phili 1:13, Philomon 1:9

Eph 3:1 *അതുനിമിത്തം പൌലൊസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്കു വേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു.*

ക്രിസ്തുവിനു വേണ്ടിയും, ക്രിസ്തുവിലൂടെ മനുഷ്യരാശിക്കു നൽകപ്പെട്ട വീണ്ടെടുപ്പിനു വേണ്ടിയും താൻ ചങ്ങല ധരിക്കുന്നുവെന്ന് പൗലൂസ് പ്രസ്താവിക്കുന്നു.

പൗലൂസ് തന്റെ വാൽസല്യ പുത്രനായ തിമോത്തിയോടു പറയുകയാണ് "സുവിശേഷത്തിനായി ദൈവശക്തിക്കൊത്തവണ്ണം എന്നോടുകൂടെ കഷ്ടം സഹിക്ക"

2 Tim 2:3 ൽ പൗലൂസ് എഴുതി: "യേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക". ദൈവശക്തി നമ്മിൽ പ്രകടമാകുന്നത് അത്തരം രംഗത്താണ്.

2 Tim 2:3 *ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക.*

2 Cor 12:9-10 *അവൻ എന്നോടു: എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന്നു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ടു ഞാൻ ക്രിസ്തുവിന്നു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ടു, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു.*

fleettech@gmail.com

www.gospelinmalayalam.com

(2 Cor 12:9-10) ബലഹീനതയിൽ ശക്തി പകരുന്ന യേശുവിന്റെ സാന്നിധ്യം മതി. യേശു കൈ വിടുകയില്ല. നാം ബലഹീനരാവുമ്പോൾ ശക്തി പകരുന്ന കരം നമ്മെ തലോടുന്നു. ഞാൻ നിൻ കൂടെയുണ്ട് ഭയപ്പെടേണ്ട, ഞാൻ നിന്റെ ദൈവമാകുന്നു. I am always with you.

1:9-10 ഈ രണ്ടു വാക്യങ്ങൾ ദൈവത്തിന്റെ രക്ഷണ്യ പദ്ധതിയുടെ രഹസ്യ കലവറയത്രെ.

a "സ്വന്ത നിർണ്ണയപ്രകാരം "അവൻ നമ്മെ രക്ഷിക്കയും വിശുദ്ധ വിളികൊണ്ട് വിളിക്കയും ചെയ്തു".

ഇതു നടന്നു കഴിഞ്ഞു. ദൈവം തമ്പുരാൻ നമ്മെ ഓരോരുത്തരെയും വിളിച്ചത് വിശുദ്ധ വിളി കൊണ്ടത്രെ.

അത്രയ്ക്ക് വിലയേറിയതാണ് അത്യുന്നതന്റെ വിളി എങ്കിൽ നമ്മിലൂടെ നിർവഹിക്കപ്പെടുന്ന എളിയ ശുശ്രൂഷ ദൈവത്തിനു വിലപ്പെട്ടതത്രെ.

ഇതു നമുക്കു ലഭിച്ചത് നമ്മുടെ അർഹത നോക്കിയിട്ടല്ല. ദൈവത്തിന്റെ കൃപയാലത്രെ.

അത് ദൈവത്തിന്റെ പദ്ധതിപ്രകാരം, ദൈവത്തിന്റെ ഉദ്ദേശപ്രകാരം തന്നെയത്രെ.

Rom 8:28, Rom 9:11, Eph 1:11

Rom 8:28 *എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.*

Rom 9:11 *കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ ദോഷമാകട്ടെ ഒന്നും പ്രവർത്തിക്കയോ ചെയ്യുംമുമ്പേ തിരഞ്ഞെടുപ്പിൻ പ്രകാരമുള്ള ദൈവനിർണ്ണയം പ്രവൃത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം തന്നേ വരേണ്ടതിന്നു:*

Eph 1:11 *അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ടതു മുമ്പിൽകൂട്ടി*

According to God's own plan, As per His own decision, for His own purpose.

സുവിശേഷത്തിന്റെ കാതൽ ഈ ദൈവീകപദ്ധതിയുടെ വെളിപ്പെടുത്തൽ അത്രെ.

Eph 2:8-10 *കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.*

b നമ്മെ വിളിച്ചത് എപ്പോൾ? "സകല കാലത്തിനും മുമ്പേ ക്രിസ്തുയേശുവിൽ നമുക്കു നൽകിയിരിക്കുന്നത്". ലോക സ്ഥാപനത്തിൽ മുമ്പേ ക്രിസ്തുയേശുവിൽ നമുക്കു നൽകപ്പെട്ട ഈ പദവി എപ്പോഴാണ് വെളിപ്പെടുത്തപ്പെട്ടത്. ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയിലൂടെ.

2 Tim 2:8, 1 Tim 6:14, 2 Tim 4:1,8, Titus 2:12,13

Titus 2:12,13 *നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചുപോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു.*

c നമുക്കു വെളിപ്പെടുത്തി കിട്ടിയ ഏറ്റവും വലിയ പ്രത്യാശ എന്ത്?

"ഇപ്പോൾ മരണം നീക്കുകയും, സുവിശേഷംകൊണ്ട് ജീവനും അക്ഷതയും വെളിപ്പെടുത്തി".

Gen 2:17 ആദവും ഹവ്വയും പാപം ചെയ്തപ്പോൾ മരണം മനുഷ്യനിൽ കടന്നു. ദേഹവും ദേഹിയും മരിച്ചില്ല. എന്നാൽ മനുഷ്യരിൽ ദൈവം പകർന്ന ആത്മാവ് ആത്മീകമായി മരിച്ചു.

fleettech@gmail.com

www.gospelinmalayalam.com

Gen 2:17 *എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും.*

Man became spiritually dead. ദൈവവുമായുള്ള കൂട്ടായ്മ ( Fellowship) നഷ്ടപ്പെട്ടു.

Rom 5:12 പാപത്താൽ മരണം വന്നു, സകല മനുഷ്യരും ആത്മീകമായി മരണം അനുഭവിച്ചു.

Rom 5:12 *അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു*

Rom 5:21 *പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവന്നായി വാഴേണ്ടതിന്നു തന്നേ*

ആത്മീകമായി മരിച്ചിരുന്ന നാം ദൈവപുത്രന്റെ കാൽവറിയാഗത്തിൽ വിശ്വാസം അർപ്പിച്ച് പുത്രനെ രക്ഷിതാവും കർത്താവുമായി എറ്റെടുത്തപ്പോൾ, നാം നിത്യജീവനിലേയ്ക്കു കടന്നു.

വീണ്ടും ആത്മാവു ജീവിച്ചു. ദൈവത്തിന്റെ ആത്മാവിനെ ദൈവം നമ്മിലേക്കു പകർന്നു.

നാം ജഡീക മനുഷ്യൻ എന്ന താണപദവിയിൽ നിന്നും ആത്മീക മനുഷ്യൻ എന്ന ശ്രേഷ്ഠ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ജഡീകമനുഷ്യനെ ദേഹി നിയന്ത്രിക്കുമ്പോൾ ആത്മീകമനുഷ്യനെ ആത്മാവു നിയന്ത്രിക്കുന്നു.

Rom 6:23 പാപത്തിന്റെ ശമ്പളം = മരണം.

Rom 6:23 *പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ.*

ദൈവത്തിന്റെ കൃപാവരം = നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻ നിത്യജീവൻ.

ജഡിക മനുഷ്യൻ മരണത്തിലേക്കു പോകുന്നു. ആത്മീക മനുഷ്യൻ നിത്യജീവനിലേക്കു പോകുന്നു.

1:11-12 ആ സുവിശേഷം എന്ന വാക്കിൽ പൗലൂസ് തന്നെ വിശേഷണം കൊടുത്തു.

1Tim1:11 "'ധന്യനായ ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷം"

"Glorious Gospel of the blessed God"

1Tim1:11 *ഈ പരിജ്ഞാനം, എങ്കൽ ഭരമേല്പിച്ചിരിക്കുന്നതായി ധന്യനായ ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷത്തിന്നു അനുസാരമായതു തന്നേ*

ലോകത്തിൽ പ്രസംഗിക്കപ്പെട്ട ഏറ്റവും പ്രാധാന്യമേറിയ ദൂതു സുവിശേഷമത്രെ.

ഈ മഹത്വമുള്ള സുവിശേഷത്തിന് 3 നിലകളിൽ വി. പൗലൂസ് പ്രവൃത്തിച്ചു.

1. Herald - പ്രസംഗി

2. Apostle - അപ്പോസ്തോലൻ

3. Teacher - ഉപദേഷ്ടാവ്

Real Christian stewardship - യഥാർത്ഥ ക്രിസ്തീയ ശിഷ്യത്വം.

ഈ ശിഷ്യത്വ വേലയിൽ വി. പൗലൂസ് അനവധി ദുഃഖവും പ്രയാസങ്ങളും അനുഭവിച്ചു.

ഇന്നു റോമൻ തടവറയിൽ ആയിരിക്കുന്ന അവസ്ഥയ്ക്കും കാരണം അതുതന്നെ.

ശിക്ഷയും കാത്തുകഴിയുന്ന ഒരു കുറ്റവാളി. എന്നാൽ വി.പൗലൂസ് ഇതിനെ വിളിക്കുന്നു യേശുക്രിസ്തുവിന്റെ ബദ്ധൻ (A Prisoner of Christ).

1:12 പൗലൂസ് തന്റെ സ്ഥിതിയെ എങ്ങനെ കാണുന്നു? എങ്കിലും ഞാൻ ലജ്ജിക്കുന്നില്ല. I am not ashamed.

fleettech@gmail.com

www.gospelinmalayalam.com

ഏതു നിന്ദയിലൂടെ കടന്നുപോകേണ്ടി വന്നാലും അന്തിമമായി ജയം ഉണ്ട് എന്ന് പൂർണ്ണമായി വിശ്വസിച്ചു. 2 Tim 4:8 തനിക്കായി ദൈവം ഒരുക്കിവെച്ചിട്ടുള്ള കിരീടം ഹൃദയത്തിൽ കണ്ട് ആനന്ദിക്കുന്നു.

2 Tim 4:8 *ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ.*

തന്റെ ജീവിതത്തിന്റെ സാക്ഷ്യവും ഭാവിയെപ്പറ്റിയുള്ള ശുഭ പ്രത്യാശയും തന്റെ ശിഷ്യനായ യുവ തീമോത്തിയെ ധൈര്യപ്പെടുത്തുവാനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

ഈ മഹത്വകരമായ ശുശ്രൂഷ തന്നെ ഏല്പിച്ച ദൈവം തന്റെ ഉപനിധി. (That which Paul committed unto him). താൻ അർപ്പിച്ച വിശ്വാസത്തെ അന്ത്യം വരെയും കാക്കും എന്ന് തിമോത്തിയെ അറിയിക്കുന്നു.

തനിക്ക് എന്തു സംഭവിക്കും എന്ന് ഭയപ്പെടുന്നില്ല. കാരണം താൻ ദൈവത്തിൽ വിശ്വാസം അർപ്പിച്ചതിനാൽ ദൈവം തന്റെ അന്ത്യം എങ്ങനെ എന്നു മുന്നമേതന്നെ കരുതിയിട്ടുണ്ട്.

ദൈവം തന്നെ സ്നേഹിക്കുന്നവർക്കു കരുതിയിട്ടുള്ളത് തിന്മയ്ക്കല്ല, നന്മയ്ക്കായിട്ട്, വിജയത്തിനായിട്ടുള്ളത് എന്ന് അപ്പസ്തലനായ പൗലൂസ് ഉറപ്പായും വിശ്വസിച്ചു.

1:13-14 <u>സത്യ വചനത്തിനുവേണ്ടി നിലകൊള്ളുക</u> (A call to Guard the Truth)

1:13 തന്നിൽ നിന്നും കേട്ട പഥ്യവചനം തിമോത്തി മുറുകെ പിടിച്ചുകൊള്ളണം. ക്രിസ്തുയേശുവിലുള്ള സ്നേഹം, വിശ്വാസം മാതൃകയാക്കി സത്യവിശ്വാസത്തെ പിൻതുടരുക. യേശുക്രിസ്തു എന്ന സഭയുടെ (Central Pillar of Faith) വിശ്വാസത്തിന്റെ നടുംതൂണിനോടുള്ള വിധേയത്വം, സമർപ്പണം എന്നും നിലനർത്തണം. ക്രിസ്തുവിൽ വിശ്വാസി വസിക്കണം 1Tim 1:14

1Tim 1:14 *നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ അത്യന്തം വർദ്ധിച്ചുമിരിക്കുന്നു*

ഒരു മാതൃകാ ക്രിസ്തീയ ജീവിതം നയിപ്പാനായി വി. പൗലൂസ് തിമോത്തിയെ ഉപദേശിക്കുന്നു.

1:14 ഉപനിധി സൂക്ഷിച്ചു കൊൾക.

വി. പൗലൂസ് ഈ ഉപനിധിയെ രണ്ടുവിധത്തിൽ വർണ്ണിക്കുന്നു.

1. ദൈവം തന്ന ഉപനിധി. ദൈവം നമ്മിൽ ഏല്പിച്ച ഉപനിധി = ശിഷ്യത്വം

1 Tim 1:11 = ധന്യനായ ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷത്തിനുള്ള ശിഷ്യത്വം.

2. അതേസമയം പൗലൂസ് തന്റെ ജീവിതത്തിന്റെ ultimate goal തന്റെ destiny താൻ ദൈവകരങ്ങളിൽ ഏല്പിച്ചിരിക്കുന്നു. (2 Tim 1:12)

2 Tim 1:12 *അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു*

വി. പൗലൂസ് ഇവിടെ വിവരിച്ച ഒന്നാമത്തെ ഉപനിധി = ദൈവം തന്നിൽ ഏല്പിച്ചിരിക്കുന്ന TRUST വിശ്വസ്തരായ മറ്റു ശിഷ്യർക്കു കൈമാറണം.

2 Tim 2:2 *നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ഥമനുഷ്യരെ ഭരമേല്പിക്ക.*

അതേ സമയം ഈ TRUST ന്റെ വാഹകൻ ആയിരിക്കുന്ന നാൾകളിൽ അതിനെ വിശ്വസ്തതയോടെ സൂക്ഷിക്കുകയും വേണം.

അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിറവു വേണം. സഹായം വേണം.

fleettech@gmail.com

www.gospelinmalayalam.com

**Timothy's Responsibility** (തിമോത്തിയുടെ ഉത്തരവാദിത്വങ്ങൾ).

1. സത്യസുവിശേഷ വിശ്വാസത്തെ കറപുരളാതെ സൂക്ഷിച്ചുകൊൾക.
(Protect and guard the truth - Preserve sound doctrines)

2. സുവിശേഷ തത്വങ്ങളെ വളച്ചൊടിച്ച് സ്വന്തതാല്പര്യത്തിന് അനുകൂലമാക്കാൻ അനുവദിക്കരുത്. (Avoid corruption through distortion)

3. സുവിശേഷ സത്യങ്ങളിൽ മായം ചേർക്കാൻ അനുവദിക്കരുത്.
(Avoid corruption through dilution)

4. സുവിശേഷ സത്യങ്ങളെ നശിപ്പിക്കാൻ അനുവദിക്കരുത്.
(Avoid corruption through delition)

5. സുവിശേഷ സത്യങ്ങളോട് ഒന്നും കൂട്ടിച്ചേർക്കാൻ അനുവദിക്കരുത്.
(Avoid corruption through addition)

വി. പൗലൂസ് അപകടകരമായ ഈ പ്രവണതകളെ മുമ്പിൽ കണ്ടിരുന്നു.

സഭയുടെ ശൈശവദശയിൽ തന്നെ 'സത്യസുവിശേഷ'ത്തെ വികലമാക്കാതിരിക്കുവാൻ വിശ്വസ്തതയോടെ സൂക്ഷിപ്പാൻ വലിയ ഉത്തരവാദിത്വം അടുത്ത തലമുറയുടെ പ്രതിനിധിയായ തിമോത്തിക്കു കൊടുക്കുന്നു.

ഇത് ഇന്ന് ഈ വചനം വായിക്കുകയും കേൾക്കുകയും ചെയ്യുന്ന എല്ലാ വിശ്വാസികൾക്കും ഉള്ള ഉത്തരവാദിത്വം ആയി നാം ഏറ്റെടുക്കണം.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പൂർണ്ണസഹായം ഇതിന് ആവശ്യമാണ്.

1 John 3:24, 1 John 4:13, John 16:13

1 John 3:24 *അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്നു അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു.*

1 John 4:13 *നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്നു അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു.*

John 16:13 *സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും.*

1:15-18 Example of unfaithfulness and faithfulness.

1:15 ഏഷ്യമൈനറിലുണ്ടായിരുന്ന സഭകളിൽ പ്രധാനപ്പെട്ട സഭയായിരുന്നു എഫേസൂസിൽ ഉണ്ടായിരുന്നത്.

പൗലൂസ് റോമൻ സൈന്യത്തിന്റെ പിടിയിൽ ആയതു ഒരുപക്ഷേ ഈ പട്ടണത്തിൽ വെച്ചായിരിക്കാം.

തനിക്കു ലഭിക്കേണ്ട സഹായം, കൂട്ടായ്മ ഈ കഷ്ടസമയത്ത് ലഭിച്ചില്ലായിരുന്നു എന്ന് ഈ വാക്യത്തിൽ കാണുന്നു.

'ആസ്യക്കാർ എല്ലാവരും തന്നെ വിട്ടുപോയി' എന്നതു എത്രയോ സങ്കടകരമായ സ്ഥിതി.

രണ്ടു വ്യക്തികളുടെ പേര് ഇവിടെ പൗലൂസ് കുറിച്ചു. ഫുഗലൊസും, ഹെർമ്മോഗനേസും'. ഇവർ രണ്ടുപേരും ഒരുപക്ഷേ എതെങ്കിലും സഭകളുടെ നേതൃത്വത്തിൽ നിന്നിരുന്നവരാകും.

ഈ വ്യക്തികളെപ്പറ്റി മറ്റു സൂചനകളൊന്നും ലേഖനങ്ങളിൽ ഇല്ല. ഇവരുടെ നേതൃത്വത്തിലാകും എല്ലാവരും പൗലൂസിനെ ഒറ്റയ്ക്കാക്കി വിട്ടുപോയത്.

fleettech@gmail.com

www.gospelinmalayalam.com

1:16-18 ഒനേസിഫോറസ് എന്ന വ്യക്തിയെപ്പറ്റി പൗലൂസിനു പ്രശംസയുണ്ട്. എഫെസൂസിൽ മാത്രമല്ല റോമിൽ പോലും ചെന്നു പൗലൂസിനെ തെരഞ്ഞു കണ്ടുപിടിക്കയും ആശ്വസിപ്പിക്കയും ചെയ്തു. ഒനേസിഫൊറസിന്റെ കുടുംബത്തിനായി പൗലൂസ് പ്രാർത്ഥിക്കുന്നു.

പൗലൂസിന്റെ തടവിൽ, നിന്ദിതനായി തുടരുന്ന വേളയിൽ ആശ്വാസം പകർന്നത് എത്രയോ ശ്ലാഘനീയം.

രണ്ടുതരം ആളുകളെ പൗലൂസ് വെളിവാക്കുന്നു. The contrast is evident

വിശ്വസ്തരും അവിശ്വസ്തരും, ശക്തരും അശക്തരും. Reliable & un realiable
തന്റെ തടവുകാലം ഏഷ്യാമൈനറിൽ കണ്ട അനുഭവം, വരാൻ പോകുന്ന സംഭവങ്ങളുടെ ഒരു നിഴൽ ആയി പൗലൂസിനു അനുഭവപ്പെട്ടു.

പിൽക്കാലത്ത് വി. യോഹന്നാൻ പത്മോസിൽ ഏകാന്തവാസം അനുഭവിച്ചപ്പോൾ, ഈ ഏഷ്യാമൈനറിലെ സഭകൾക്ക് അവരുടെ വീഴ്ചകളെയും പരാജയങ്ങളെയും ഓർപ്പിച്ചുകൊണ്ട് കത്തെഴുതിയതായി വെളിപ്പാടു പുസ്തകത്തിൽ നാം വായിക്കുന്നു.

വി. പൗലൂസ് തിമോത്തിയ്ക്കു കൊടുക്കുന്ന ഉപദേശം, തിമോത്തിയെ ഭരമേല്പിക്കുന്ന ചിന്തകൾ ഏകദേശം സമാനമായി നിൽക്കുന്നു.

(1) ഭീരുത്വം ഉപേക്ഷിക്കുക, ധൈര്യപ്പെടുക.

(2) ലജ്ജിതനാകാതെ ക്രൂശിൽ പ്രശംസ കണ്ടെത്തുക.

(3) അവിശ്വസ്തത കളഞ്ഞ് അന്ത്യത്തോളം വിശ്വസ്തനാകുക.

(4) സത്യവിശ്വാസം മലിനപ്പെടാതെ കാത്തുസൂക്ഷിക്കുക.

ഒനേസിഫൊറോസിൽ പൗലൂസ് ഈ സ്വഭാവ വിശേഷം കണ്ടു.

ധൈര്യം, സ്നേഹം, സ്വയശിക്ഷണം, വിശ്വാസത്തിലുള്ള ഉറപ്പ്, വിശ്വസ്തത.

നല്ല വിശ്വസ്തരും അവിശ്വസ്തരും തമ്മിലുള്ള വ്യത്യാസം പൗലൂസ് തിമോത്തിയുടെ മുമ്പിൽ നിരത്തി വെയ്ക്കുന്നു.

തന്റെ പ്രിയ മകനായ തിമോത്തിയെ പോരിനായി സജ്ജമാക്കുവാനായി എഴുതുന്നു.

വൃദ്ധനായ അപ്പോസ്തോലനോടൊത്ത് തോളോടുതോൾ ചേർന്ന് യുദ്ധസേവ ചെയ്യുവാൻ യുവാവായ തിമോത്തിയെ ധൈര്യപ്പെടുത്തുന്നു ഈ ലേഖനം.

ഇത് വായിക്കുന്ന നമുക്ക് ഓരോരുത്തർക്കും ഈ പ്രബോധനം ഏറ്റെടുക്കാം.

ധൈര്യത്തോടെ കർത്താവിനായി പോർക്കളത്തിൽ യുദ്ധം ചെയ്യാം.

fleettech@gmail.com